# M.I.M.U.P.SCHOOL
# CHENKULAM

# അക്കാദമിക മാസ്റ്റർ പ്ലാൻ

# എം.ഐ.എം.യു.പി.സ്കൂൾ ,

# ചെങ്കുളം



# വിദ്യാലയ പ്രൊഫൈൽ

| | | |
|---|---|---|
| *Name of School* | - | *M.I.M.U.P.S, Chenkulam* |
| *Name of Revenue District* | - | *Kollam* |
| *Name of Sub District* | - | *Veliyam* |
| *Name of BRC* | - | *Veliyam* |
| *Name of Cluster* | - | *GHS, Pooyappally* |
| *Name of Panchayath* | - | *Pooyappally* |
| *Name of Block* | - | *Kottarakara* |
| *Name of District* | - | *Kollam* |
| *Name of HM with Mob. No.* | - | *Ajimol Thomas, ( mob.no. 9446111719 )* |

M.I.M.U.P. SCHOOL
KOTTARAKARA
Date.........
CHENKULAM - 691510

( ചരിത്രം )

ഒരു സ്ഥലത്തിന്റെ പുരോഗതി അവിടെയുള്ള വിദ്യാഭ്യാസ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാടിന്റെ വികസനത്തെപ്പറ്റി ഉൾക്കാഴ്ചയും ഇച്ഛാശക്തിയും ഉണ്ടായിരുന്ന പരേതനായ അട്ടായിക്കുളത്ത് ശ്രീ കോരുത് മാത്യു തരകന്റെ പരിശ്രമഫലമായി 1952 ൽ പൂയപ്പള്ളി പഞ്ചായത്തിലെ ചെങ്കുളം വാർഡിൽ സ്ഥാപിക്കപ്പെട്ടതാണ് ഈ വിദ്യാലയം. നാട്ടിലെ ബാലികാബാലന്മാർക്ക് വിദ്യാഭ്യാസം നേടുവാൻ ഉപകരിച്ചതിനു പുറമേ കുറേ അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് അധ്യാപകരായി നിയമിക്കപ്പെടുവാൻ കൂടി ഈ സ്കൂൾ നിമിത്തമായി. ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ എപ്പിപ്പാനിയോസ് തിരുമേനി ഈ വിദ്യാലയത്തിൽ പ്രഥമാധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിനും ഈ സ്കൂൾ വേദിയായിട്ടുണ്ട്. ബോധനം, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിൽ സ്കൂളിലുണ്ടായിരുന്ന മികവു സമീപ സ്ഥലങ്ങളിലും സ്വാധീനം ചെലുത്തി.ഏതാനും ദശകങ്ങൾ കഴിഞ്ഞപ്പോൾ വെളിയം സബ് ജില്ലയിലെ പ്രധാനപ്പെട്ട സ്കൂളുകളിലൊന്നായി ഇതു വളർന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളോട് ഇടക്കാലത്ത് സമൂഹത്തിലുണ്ടായ സമീപനം ഈ വിദ്യാലയത്തേയും ബാധിച്ചു.

എന്നാൽ സമൂഹത്തിന്റെ മനോഭാവത്തെ അതിജീവിച്ചുകൊണ്ട് വളർച്ചയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ ഈ വിദ്യാലയം.പഠന നിലവാരത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും ശ്രദ്ധേയരാകുവാൻ ഈ സ്കൂളിലെ അധ്യാപകർ ശ്രദ്ധിക്കുന്നു. നാടിനു വിദ്യാവെളിച്ചം വിതറിക്കൊണ്ട് മഹത്തായ സാമൂഹ്യ സേവനം ലക്ഷ്യമാക്കി ഈ സ്ഥാപനം തുടർന്നും പ്രവർത്തിക്കും.

# ആമുഖം

ഓരോ വിദ്യാർഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കിക്കൊണ്ട് മുഴുവൻ കുട്ടികൾക്കും അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.. കോവിഡ് മഹാമാരി മൂലം ഒന്നരവർഷത്തോളം വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ കഴിയാതിരുന്ന കുട്ടികളുടെ സർവതോന്മുഖ വളർച്ച അനിവാര്യമാണ്.


എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക , അവർക്ക് സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക , അവരിൽ സാഹിത്യ അഭിരുചി വളർത്തുക , സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക , അവരിൽ ശാസ്ത്ര അവബോധം വളർത്തുക , സസ്യ വൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണമാർഗങ്ങളിലേർപ്പെടുക , വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുക , ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക , ഐ.സി.റ്റി. സാധ്യത ഉപയോഗിച്ച് പഠനം ആയാസകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

# വിദ്യാലയ പ്രൊഫൈൽ

a. ക്ലാസ്സുകൾ :- 5 മുതൽ 7 വരെ

b. അധ്യാപകർ / അനധ്യാപകർ :-

| Name | Designation | Date of Birth | Educational Qualification | Service | Place | Address |
|---|---|---|---|---|---|---|
| Ajimol Thomas | HM | 31/05/1973 | MSc BEd | 17 | Chenkulam | Vadakkevila Veedu Kummalloor P O Kattachal |
| Manju George | Junior Language Teacher (Hindi) | 30/05/1971 | Hindi Bhooshan | 22 | Kummalloor | Kallu Veedu Kummalloor P O Adichanalloor |
| Muhammed Shefeek K | UPST | 10/05/1998 | BA BEd | 3 | Kulappadam | MS Manzil Nedumpana Kulappadam |
| Manu Krishnan | UPST | 20/05/1993 | TTC | 3 | Adichanalloor | Triveni Adichanalloor Kollam |
| Rijo Rajan | OA | 13/04/1995 | Plus Two | 3 | Punnakodu | Athens, Pooyappally P O Punnakkodu |
| Remya Krishnan | Junior Language Teacher (Sanskrit) | 23/04/1990 | MA Sanskrit | - | Nedumonkavu | Kochuveedu Nedumonkavu Kollam |


കുട്ടികളുടെ എണ്ണം
ആൺ
പെൺ
30
28
26
24
22
20
18
16
14
12
10
8
6
4
2
0
2022-23
2023-24
2024-25
2025-26

# അക്കാദമികം

# ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്ക് അവസരം കൊടുക്കുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനികസാങ്കേതിക വിദ്യാഭ്യാസരീതികൾ പ്രയോജനപ്പെടുത്തുക..

## പ്രവർത്തനങ്ങൾ

**പേര് : രചനാ ശിൽപശാല ഉപമേഖല : ഭാഷാശേഷികളുടെ വികാസം**

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | സർഗാത്മക രചനകളിൽ ഏർപ്പെടൽ , അവസരമൊരുക്കൽ വായനാസമഗ്രികളിടെ നിർമാണം. | കഥയരങ്ങ് . കവിയരങ്ങ് , രചനാശിൽപശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെട്ടുനിന്ന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ ക്ലാസ്സ് മുറിയിലെ പഠനസാമഗ്രിയായി മേൽ പറഞ്ഞ ഉത്പന്നങ്ങൾ ഉപയോഗിക്കൽ | രണ്ടു മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി |

പേര് : സർഗ്ഗസല്ലാപം ഉപമേഖല : ഭാഷാവികാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 2. | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തു കാരെ സ്കൂളിലെത്തിക്കൽ<br><br>അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കു വയ്ക്കൽ | വർ ഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം , പി.ടി.എ |

പേര് : ഗ്രന്ഥശാല ശാക്തീകരണം ഉപമേഖല : വായനാപരിപോഷണം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 3. | വിവിധ സാഹിത്യരൂപങ്ങ ൾ പരിചയപ്പെടാൻ അവസരമൊരുക്ക ൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ , പുസ്തകങ്ങൾ വർ ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ്, വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ ലൈബ്രറി ചുമതലയുള്ള അധ്യാപക ൻ |

പേര്: നാടകക്കളരി    ഉപമേഖല : ഭാഷാശേഷികളുടെ വികാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4. | ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റുക | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യകഥകൾ / നോവലുകൾ എന്നിവയുടെ നാടകാവിഷ്കാരം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | വിദ്യാരംഗം കലാ സാഹിത്യ വേദി |

******************************************************************

# ENGLISH

heme : *Academic*
ub- Theme : *English Language Acquisition*
lass : *V, VI, VII*

| AIMS | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|
| **To Improve Listening Skill** | **Lend your Ear :**<br>*Listening to poems & short stories. (ICT)<br>*Encourage them to tell suitable answers to given questions.<br>**Follow me if you can :**<br>*Give practice to act according to instructions given in English.<br>**Breaking News :**<br>*Giving chances to listen English news.<br>**Watch performances**<br>*Give opportunity to watch dialogue presentations and skits. | June to August | Class Teacher<br><br>English Teacher | --------- |
| **To Improve Speaking Skill** | **One man show :**<br>*Provides an opportunity to perform in English at the assembly.<br>**We Too Can :**<br>*Give opportunities to perform class room activities. | September to March | Class Teacher<br><br>English Teacher | ------ |

| | | | | |
|---|---|---|---|---|
| | **FM Corner :**<br>*Give opportunity to present short stories in the form of Radio Drama. | | | |
| To Improve Reading Skill | **I Too can :**<br>*Distributes Reading cards and gives opportunity to read without mistakes.<br>**Reader of the Month :**<br>*The reader of the month is honoured after being given passages to read. | June to March | English Teacher | ------- |
| To Improve Writing Skill | **My Droplets**<br>*Preparing class magazine with children"s artworks.<br>**Alert Zone**<br>*Displays placards, notices, and posters in school premises and class rooms.<br>**Fun Time Funda:**<br>Giving opportunity to present riddles and quizzes in the class. | September to March<br>At the time of celebrations. | English Teacher | ------ |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **2) ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **3) ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊണ്ട് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഗണിതം അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് 5,6,7

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| **ഗണിതപഠനം ലളിതമാക്കൽ**<br><br>• ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു | പ്രീ ടെസ്റ്റ് | ജൂൺ ആദ്യവാരം | ഗണിത അധ്യാപകൻ |
| • പിന്നക്കാവസ്ഥ യിലുള്ള കുട്ടികളെ മുൻ നിരയിലെത്തി ക്കുക | • ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുക.<br>• വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാനഗണിതാശയ ങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഗണിത അധ്യാപകൻ |
| • ജ്യാമിതീയരൂപ ങ്ങൾ നിർ മ്മിക്കുക | • ജിയോജിബ്ര ഉപയോഗിച്ച് രൂപങ്ങൾ വരയ്ക്കുക<br>• ജ്യാമിതീയ ആൽബം നിർമ്മിക്കുക | ജൂൺ | ഗണിത അധ്യാപകൻ |
| **സംഖ്യാബോധം വളർത്തുക**<br><br>• സംഖ്യയുടെ വലുപ്പത്തെ കുറിച്ചുള്ള | സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ | | |

| | | | |
|---|---|---|---|
| ധാരണ ഉറപ്പിക്കൽ<br>• അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഉപയോഗിച്ചുള്ള പഠനം<br>പ്രായോഗിക പ്രശ്നങ്ങളിലൂടെയും കളികളിലൂടെയും അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | |
| • ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരങ്ങൾ ,ഗെയിമുകൾ, പസിലുകൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നു | ജൂൺ, ജൂലൈ,ആഗസ്റ്റ് | ഗണിത അധ്യാപകൻ |
| • കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.<br>• കുട്ടികളിൽ പ്രശ്നാപഗ്രഥന ശേഷി വികസിപ്പിക്കുക | പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ തയ്യാറാക്കി മൂല്യനിർണയവും പരിഹാരബോധനവും നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകൻ |
| ആധുനിക ഗണിത സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള ക്ലാസുകൾ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകൻ |

# ടാലന്റ് ലാബ്

ലക്ഷ്യം :-

സർഗ്ഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അവസരമൊരുക്കുക.

**പ്രവർത്തനങ്ങൾ**

- കഴിവിന്റെ മേഖലകളുടെ ലിസ്റ്റ് തയ്യാറാക്കൽ.
- ഓരോ മേഖലയിലും വരുന്ന ഇനങ്ങൾ തയ്യാറാക്കൽ.
- വിവിധ ഇനങ്ങളുടെ പരിശീലനം.
- വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ.
- എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്കവിധം പ്രവർത്തനങ്ങൾ തയ്യാറാക്കൽ.
- കല ക്യാമ്പുകൾ സംഘടിപ്പിക്കൽ.
- അസംബ്ലി, ദിനാചരണങ്ങൾ, ബാലദനസഭ്യം എന്നിവയെ കലാപരമായ ശേഷി വികസനത്തിനുള്ള അവസരമാക്കി മാറ്റൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അവസരം ഒരുക്കുക | • ലിസ്റ്റ് തയ്യാറാക്കൽ<br>• പരിശീലനം<br>• കലാ പ്രവർത്തനങ്ങൾ<br>• ബാലജനസഖ്യം<br>• ക്യാമ്പുകൾ<br>• ശിൽപ്പശാല | ദീർഘ കാലം | അദ്ധ്യാപകർ |

# ശലഭോദ്യാനം

ലക്ഷ്യം :-

- കുട്ടികളിൽ പ്രകൃതിസ്നേഹവും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിന്.
- നിരീക്ഷണം, നിഗമനം, സൂക്ഷ്മതല വിശകലനം എന്നീ ശേഷികളിൽ അവഗാഹം നേടുന്നതിന്.
- സ്നേഹം, വിശ്വാസം, പാരസ്പര്യം, സഹജീവിഭാവം എന്നീ മാനുഷികമൂല്യങ്ങളെ വളർത്തുന്നതിന്.
- ജൈവവൈവിധ്യ ലോകത്തെ അടുത്തറിയാനും സമ്പന്നമായ പ്രകൃതി വൈവിധ്യത്തെ തിരിച്ചറിയാനും
- പഠനതാൽപര്യം വർദ്ധിപ്പിക്കുന്നതിനും പഠന നേട്ടങ്ങൾ നേരനുഭവസിദ്ധമായി സ്വായത്തമാക്കുന്നതിനും.

## പ്രവർത്തനങ്ങൾ :-

- ഉദ്യാന നിർമാണം
  1. അനുയോജ്യമായ സ്ഥലം കണ്ടെത്തൽ.
  2. അതിർത്തി തിരിക്കൽ.
  3. നിലമൊരുക്കൽ
  4. നടീൽ വസ്തു ശേഖരിക്കൽ
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- ശലഭക്കാർഡ് തയ്യാറാക്കൽ
- ശലഭ ആൽബം നിർമാണം
- ഡോക്കുമെന്ററികൾ തയ്യാറാക്കൽ
- വിവിധ രചനകൾ

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ശലഭോദ്യാനം | ദീർഘകാലം | അദ്ധ്യാപകർ, വിദ്യാർഥികൾ | 5000/- |

# ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം

## ലക്ഷ്യങ്ങൾ :-

- കുട്ടികൾക്ക് കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- പ്രകൃതിയുമായി കുട്ടികളെ ഇണക്കി വളർത്തുക
- സസ്യ ജീവജാലങ്ങളെ സ്നേഹിച്ച സംരക്ഷിക്കാൻ വേണ്ട പ്രചോദനം നൽകുക.
- വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുക
- കാർഷിക പാരിസ്ഥിതിക ആരോഗ്യം മെച്ചപ്പെടുത്തുക
- ഉത്പാദിപ്പിക്കപ്പെട്ട പച്ചക്കറികൾ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തുക, അതിലൂടെ അവരുടെ ആരോഗ്യം സംരക്ഷിക്കുക.
- ശാസ്ത്രപഠനത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ :-

- സ്കൂൾ കോമ്പൗണ്ടിൽ ജലം ലഭ്യമാകുന്ന സ്ഥലം കണ്ടെത്തി പാകപ്പെടുത്തുന്നു.
- കാലഗണന അനുസരിച്ച് നട്ടുപരിപാലിക്കേണ്ട നടീൽ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു.
- ICT സാധ്യത ഉപയോഗിച്ച് ഓരോ വിളകളും കൃഷി ചെയ്യേണ്ട രീതി നിരീക്ഷിക്കുന്നു, മനസ്സിലാക്കുന്നു
- കാർഷികജോലിയിൽ താല്പര്യമുള്ള കുട്ടികളുടെ നേതൃത്വത്തിൽ അധ്യാപകരുടെ സഹായത്തോടെ കൃഷി ചെയ്യുന്നു.
- ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ വിളവെടുപ്പുൽസവം സംഘടിപ്പിക്കുന്നു.

************************************

## കാഴ്ചപ്പാട്

- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യും.

- ഉയർന്ന പാരിസ്ഥിതികാവബോധത്തിന്റെ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ പങ്കാളികളാവുകയും ചെയ്യുന്ന വിദ്യാർഥികളെ സൃഷ്ടിക്കും

- പാരിസ്ഥിതികാവബോധം സമൂഹത്തിൽ വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കും

- ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്രകൃതി സൗഹൃദ വിദ്യാലയ സങ്കൽപം യാഥാർത്ഥ്യമാക്കും.

******************************